**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 263** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സൗജന്യ ഓണക്കിറ്റ് വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** 2026-ലെ ഓണക്കാലത്ത് മഞ്ഞക്കാർഡ് ഉടമകളും വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളും ഉൾപ്പെടെ ആകെ എത്ര ഗുണഭോക്താക്കൾക്കാണ് സൗജന്യ ഓണക്കിറ്റിന് അർഹത ഉണ്ടായിരുന്നത്; വിഭാഗം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 5,93,408 AAY കാർഡുകൾക്കും സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലെ 48356 അന്തേവാസികൾക്കും സൗജന്യ ഓണക്കിറ്റിന് അർഹത ഉണ്ടായിരുന്നു.

**(ബി)** ഇതിൽ മഞ്ഞക്കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങൾക്കും വെവ്വേറെ എത്ര പേർക്ക് കിറ്റുകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **AAY കാർഡുടമകൾക്ക് 5,80,420 എണ്ണം കിറ്റുകളും ക്ഷേമ സ്ഥാപനങ്ങളിലെ 48356 അന്തേവാസികൾക്ക് നാലുപേർക്ക് ഒരു കിറ്റ് എന്ന നിലയിൽ 12089 കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.**

**(സി)** അർഹരായ ഗുണഭോക്താക്കളിൽ ആർക്കെങ്കിലും കിറ്റ് ലഭിക്കാതെ പോയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ലഭിച്ചില്ലായെന്നും ആയതിന്റെ കാരണങ്ങളും വിശദമാക്കാമോ?

**<u>മറുപടി:</u>** 12988 AAY **ഉപഭോക്താക്കൾക്കാണ് കിറ്റ് വാങ്ങാൻ കഴിയാതെ പോയത്.**

**സൗജന്യ കിറ്റ് വിതരണം 2026 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചിരുന്നെങ്കിലും അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ മാസം അവസാനം വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പത്ര മാധ്യമങ്ങൾ വഴി അറിയിപ്പ് നൽകിയിരുന്നെങ്കിലും 12988 AAY ഉപഭോക്താക്കൾ കിറ്റ് കൈപ്പറ്റിയില്ല.**

**സെക്ഷൻ ഓഫീസർ**